**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2106 01.02.2018-ൽ മറുപടിക്ക്**

**റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ വിദഗ്ദ്ധചികിത്സയ്ക്ക് ട്രോമാകെയർ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.കെ. ആൻസലൻ**<br>**ശ്രീ.കെ.ജെ. മാക്സി** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വാഹനാപകടത്തിൽപ്പെട്ട് ഗുരുതരാവസ്ഥയിലായ തമിഴ്നാട് സ്വദേശിയ്ക്ക് സർക്കാർ-സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിച്ചതിനെത്തുടർന്ന് മരണപ്പെട്ടതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ)<br>ബി)<br>&<br>സി) | റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ കീഴിൽ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി<br>• ജനറൽ ആശുപത്രി ആലപ്പുഴ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ |
| ബി) | റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ഉടനടി വിദഗ്ദ്ധചികിത്സ സൗജന്യമായി ലഭ്യമാക്കാനായി ആവിഷ്കരിച്ചിട്ടുള്ള ട്രോമാകെയർ പദ്ധതിയുടെ വിശദവിവരം നൽകുമോ; | | |
| സി) | അപകടത്തിൽപ്പെടുന്നവരെ സമയനഷ്ടം ഇല്ലാതെ ഇത്തരം ചികിത്സാസൗകര്യമുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ വിപുലീകരിക്കാൻ പരിപാടിയുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | • താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ<br>• ജനറൽ ആശുപത്രി തിരൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ<br>• ജില്ലാ ആശുപത്രി കൊല്ലം<br>• ജനറൽ ആശുപത്രി കാസർഗോഡ്<br>• താലൂക്ക് ആശുപത്രി ആറ്റിങ്ങൽ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി<br>• ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്<br>• ജില്ലാ ആശുപത്രി, നെയ്യാറ്റിൻക്കര<br>• ജില്ലാ ആശുപത്രി,പാലക്കാട്<br>• ജനറൽ ആശുപത്രി, എറണാകുളം<br>• ജനറൽ ആശുപത്രി, നെയ്യാറ്റിൻകര<br>• താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര<br>• ജനറൽ ആശുപത്രി, ആറ്റിങ്ങൽ |

**സെക്ഷൻ ഓഫീസർ**